

# മാജിക് കൈറ്റ്സ്



ജി എച്ച് എസ് എസ്
കുലശേഖരമംഗലം

# ആശംസകൾ

വിവരസാങ്കേതിക വിദ്യ ഏറെ പുരോഗമിച്ച ഈ കാലഘട്ടത്തിൽ ലിറ്റിൽ കൈറ്റസ് പോലെയുള്ള ക്ലബ്ബ് പ്രവർത്തനങ്ങൾവിദ്യാർത്ഥികൾക്ക് ഏറെ ഗുണകരമാണ് ശാസ്ത്രത്തിന്റെ ത്വരിതവളർച്ചയ്ക്കൊപ്പം മുന്നേറട്ടെ എന്ന് ആശംസിക്കുന്നു.

വിജയലക്ഷ്മി കെ എം (ഹെഡ്മിസ്ട്രസ് )

# ഉള്ളടക്കം


ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ 3

## കവിത

ഓർമ്മകളുടെ കൂടാരമീ എന്റെ മനസ്സ് 4
എന്റെ കുട്ടിക്കാലം 7
എന്റെ മാന്ത്രിക സ്വപ്നം 10
എന്റെ ജാനകി 12
സപ്തസ്വരങ്ങൾ 14

## ലേഖനം

ലഹരിയും യുവതലമുറയും 5

## കഥ

ഒരു ഓണക്കാലം 8
ഓർമ്മകൾ 16
ഒരു മഴയനുഭവം 20
അച്ഛവിന്റെ കുട്ടിക്കാലം 21

## ഓർമ്മ

വെള്ളപ്പൊക്കം 19

## കുറിപ്പ്

മഹാത്മാ ഗാന്ധി 11
പൈഥഗോറസ് 6
ആർക്കിമിഡിസ് 17

ഗണിത ക്വിസ്

വൃത്തവും ത്രികോണവും

# ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ

DIPU SEKHAR (Kite Master)

JIJA M P (Kite Mistress)

ABHIRAMI SAJEEV
AKSHARA M S
AKSHAYA P S
ANGEL LIJU
ANJALI PRADEEP
AYSHA P S
BHAGYALAKSHMI K R
SHILPA A R
SHREYA SHINO
SUMANYA SUNOJ
VAIGA K S
ABHNAVDEAVA S
ADITHYAN P S
AKSHAY SYAMKUMAR
ANANTHAKRISHNAN K S
ARJUN A S
DEEPAK DAS
K J ASWIN KUMAR ILAYATHU
MUHAMMED SHIFAS
SANGEETH K B
SREEHARI SUDHEESH

# ഓർമ്മകളുടെ കൂടാരമീ എന്റെ മനസ്സ്

ഓർമ്മകൾ എന്നും മനസ്സിന്റെ കോണുകളിൽ

എന്നും പതിഞ്ഞുക്കിടക്കുന്നു...............

കാലങ്ങൾ എത്ര കഴിഞ്ഞാലും

മായുമില്ല എന്റെ ഓർമ്മകൾ................

കാലത്തിന്റെ ഒഴുക്കുകളിൽ പെടാതെ സൂക്ഷിക്കുന്നു

എന്റെ ഓർമ്മകൾ.............

കുട്ടിക്കാലത്തു ഞങ്ങൾ ഓടിക്കളിച്ചതും,

ഒളിച്ചതും മായുമോ എന്റെ മനസ്സിൽ നിന്നും............

കൂട്ടരുമൊത്ത് കളിച്ചതും

അമ്മയുടെ കയ്യിൽ നിന്ന് വഴക്കുകേട്ടതുമെല്ലാം

ഒരു ഓർമ്മകൾ മാത്രം................

ഒറ്റക്കിരുന്ന് കാക്കയോടും പൂച്ചയോടുമെല്ലാം

സംസാരിച്ചത് ഇന്നലെ കഴിഞ്ഞതു പോലെ തോന്നുന്ന

ഓർമ്മകൾ.......... കളിക്കുവാൻ പോയപ്പോൾ

കല്ലിൽ തടഞ്ഞു വീണതുമെല്ലാം ഓർമ്മകൾ മത്രം..............

കൂട്ടരുമൊത്ത് മണ്ണപ്പം ചുട്ടതും

അതെല്ലാം കഴിച്ചതും ഓർമ്മകൾ

മാത്രമീ.......... എന്റെ മനസ്സിൽ............

മാനസ.എസ്

# ലഹരിയും യുവതലമുറയും

ഇന്നത്തെ സമൂഹത്തിൽ വളരെ അധികം ചർച്ചചെയ്യുന്ന ഒരു വിഷയമാണ് ലഹരി. ഒരു രാജ്യത്തിന്റെ ഭാവി അവിടുത്തെ കുട്ടികളിലാണ് എന്നാൽ രാജ്യത്തിന്റെ ഭാവി തകർക്കും വിധം കുട്ടികളിൽ കണ്ടുവരുന്ന ഒന്നാണ് ലഹരി വസ്തുക്കളുടെ അമിത മായ ഉപയോഗം.

കുടുംബവഴക്ക് കൂട്ടുകെട്ട് ചുറ്റുമുള്ളവരോടുള്ള വാശി പഠനത്തോടുള്ള പേടി എന്നിവ ഒക്കെ ആയിരിക്കാം ഒരുപക്ഷേ അവരെ ലഹരി ഉപയോഗിക്കാൻ പ്രേരി പ്പിക്കുന്നത്. ജീവിതത്തിൽ എന്ത് പ്രശ്നം വന്നാലും അവർ അഭയം തേടുന്നത് ലഹരി യിലാണ് . എന്നാൽ ജീവിത പ്രശ്നങ്ങളോട് പൊരുതി വിജയം നേടുന്നതാണ് യഥാർത്ഥ ലഹരി എന്നവർ അറിയുന്നില്ല.

ലഹരി എന്ന് പറയുമ്പോൾ നാം ആദ്യം ചിന്തിക്കുന്നത് ആൺകുട്ടികളെക്കുറി ച്ചാണ് എന്നാൽ ഈ കാലത്ത് ആൺകുട്ടികളും പെൺകുട്ടികളും ഒരുപോലെ സുരക്ഷി തരല്ല എന്ന് തിരിച്ചറിയേണ്ടതുണ്ട്. ഒന്ന് രുചിച്ച് നോക്കി ഉപേക്ഷിച്ച് കളയാം എന്ന ചിന്തയിലാണ് പലരും ലഹരി ഉപയോഗിക്കുന്നത് എന്നാൽ ലഹരിയുടെ പിടിയിൽ ഒന്ന് അകപ്പെട്ടാൽ പിന്നെ ഒരു തിരിച്ച് വരവ് അസാധ്യമാണ്. ലഹരി മനുഷ്യനെ മാനസികവും ശാരീരികവുമായി തളർത്തുന്നു. ഇതിന് പുറമെ ഉള്ള ദോഷഫലങ്ങൾ വാക്കുകൾക്ക് അപ്പുറമാണ്.

നിമിഷനേരത്തെ സുഖത്തിന് വേണ്ടി ജീവിതകാലം മുഴുവനുള്ള അനുഗ്രഹങ്ങളെ തകർക്കാൻ മനുഷ്യൻ തയ്യാറാവുന്നു. ജീവിതമെന്നത് ഒരു തരം ലഹരിയാണ് കുടുംബത്തോടും കൂട്ടുകാരോടുമൊത്ത് ഉല്ലസിച്ച് ജീവിക്കുന്നതാണ് ലഹരിക്ക് അടിമപ്പെട്ടവർ. ഒന്ന് ഒരിക്കലെങ്കിലും അതുപോലെ ജീവിച്ചു നോക്കുക ലഹരിയെ ക്കാൾ മധുരമേറിയതും വിലയേറിയതും അതാണെന്ന് തിരിച്ചറിയാൻ സാധിക്കും.

ഇനി വരുന്ന തലമുറ ലഹരിക്ക് അടിമപ്പെട്ട തലമുറ എന്ന് അറിയപ്പെടാതെ ലഹരിയെ കീഴ്പ്പെടുത്തിയ തലമുറ എന്ന് അറിയപ്പെടാൻ സാധിക്കട്ടെ....

അക്ഷര

# [illegible]

ഗണിത ശാസ്ത്രജ്ഞൻ ,തത്വജ്ഞാനി എന്നീ നിലകളിൽ ശ്രദ്ധേയമായ വ്യക്തിത്വത്തിനുടമയാണ് പൈഥഗോറസ് . ബി .സി .569 നോടടുത്ത് പൈഥഗോറസ് ജനിച്ചതായി കരുതപ്പെടുന്നു.ഏഷ്യമൈനറിനോട്ട ചേർന്ന് കിടക്കുന്ന സമോസ് ദ്വീപാണ് ജന്മസ്ഥലം .

ക്ഷേത്രഗണിതവും സംഖ്യശാസ്ത്രവുമാണ് പൈഥഗോറസിന്റെ ഗവേഷണമേഖലകൾ.ക്ഷേത്ര ഗണിതത്തിലെ "പൈഥഗോറസ് സിദ്ധാന്തം" എന്ന പേരിലറിയപ്പെടുന്ന ആശയം,അദ്ദേഹം ജനിക്കുന്നതിനുമുമ്പ് പല രാജ്യങ്ങളിലും പ്രചരിച്ചിരുന്നു.എന്നാൽ പൈഥഗോറസ് ആയിരിക്കാം ഈ സിദ്ധാന്തത്തിന് യുക്തിപൂർവം തെളിവുകൾ നൽകിയത്.

അക്ഷയ . പി .എ

# എന്റെ കുട്ടിക്കാലം

ഞാൻ കൊതിക്കുന്നു
ഞാൻ ഓർക്കുന്നു
എൻ പഴയകാല ഓർമ്മകൾ
ഇക്കാലയത്രയും ജീവിച്ച ഞാൻ
എൻ പഴയകാലം
ഓർത്തുതന്നെ.....

എന്നുമെൻ വീടിന്റെ മുറ്റത്തു
ഓടിക്കളിച്ചതും ഓർക്കുന്നു ഞാൻ
മുറ്റത്തെ മാവിന്റെ കൊമ്പിലെ
മാമ്പഴം
കൊതിയോടെ കഴിച്ചതും
ഓർക്കുന്നു ഞാൻ......

വീട്ടിലെ എറാത്ത് ഇരുന്ന്
അമ്മമ്മ
പറഞ്ഞുതന്ന കഥകൾ ഓർക്കുന്നു
ഞാൻ
മുറ്റത്തെ ചക്കര മാവിലിരിക്കുന്ന
കാക്കയും
കുയിലും പാടുന്ന പാട്ടു കേൾപ്പിച്ച്
എന്നെ ഊട്ടുന്ന അമ്മയെയും
ഞാൻ ഓർക്കുന്നു.

പാടത്തും പറമ്പിലും മേഞ്ഞു
നടന്ന
എൻ പശു കിടാങ്ങളെയും ഞാൻ
ഓർക്കുന്നു.....
അമ്മ രുചിയുള്ള ഭക്ഷണം എൻ
നാവിലിപ്പോഴും കൊതിയൂറുന്നു.
ഞാൻ ഓർക്കുന്നു എൻ
അമ്മയെ....

ജീവിതമത്രയും സ്വപനം കാണുന്നു
ഞാൻ
എൻ പഴയകാല ഓർമ്മകൾ
കുഞ്ഞുടുപ്പിട്ട് ഓടിനടന്ന കാലം
ഇപ്പോഴെൻ മനസ്സിൽ വെറും
സ്വപ്നം മാത്രം.....
ഞാൻ ഓർക്കുന്നു എൻ
ഓർമ്മകൾ.....
ഞാൻ കൊതിക്കുന്നു എൻ
പഴയകാലം....

ദേവനന്ദ കെ.ബി

# ഒരു ഓണക്കാലം

ഇന്ന് വളരെ മനോഹരമായ ഒരു ദിവസമാണ്. ഒടുവിൽ ഓണപ്പരീക്ഷയുടെ ക്ഷീണമെല്ലാം വിട്ടുപോയി അങ്ങനെ ഞാൻ കാത്തിരുന്ന പത്ത് ദിവസം നീളുന്ന അവധി, ഞാൻ അമ്മവീട്ടിൽ പോയി തീർക്കുന്നതായിരിക്കും. അമ്മാവൻ, അമ്മായി, മുത്തശ്ശൻ, മുത്തശ്ശി, പിന്നെ വല്ല്യേട്ടനും, വല്ല്യേച്ചിയും, ഇവരൊക്കെ എനിക്ക് വളരെ പ്രിയപ്പെട്ടവരാണ്. ഇന്നു തന്നെ ഞാനും, അമ്മയും, അച്ഛനും, ചിന്നുവും അമ്മവീട്ടിൽ പോകും. ഒടുവിൽ ഒരു മണിക്കൂർനീണ്ട യാത്രക്കൊടുവിൽ ഞങ്ങൾ അമ്മവീട്ടിൽ എത്തി ഉമ്മറത്ത് ചാരുകസേരയിൽ ഇരുന്ന് പത്രം വായിക്കുന്ന മുത്തശ്ശൻ, പമ്പിൽ തെങ്ങിന് തടം എടുക്കുന്ന അമ്മാവൻ, അടുക്കളയിൽ ഉച്ചഭക്ഷണം തയ്യാറാക്കുന്നു. ഇവരെയെല്ലാം കണ്ടു. പക്ഷെ എന്റെ പ്രിയങ്കരനായ എന്റെ വല്ല്യേട്ടനെ മാത്രം കണ്ടില്ല. ഏട്ടൻ ബാംഗ്ലൂരിൽ നിന്നും ഇതുവരെ എത്തിയില്ല .

ഞാൻ ഒരു ഉരുളയെടുത്ത് വായിൽ വയ്ക്കും മുൻപ്  "ദേ.... ഏട്ടനെത്തി ".ഞാനും അനുജത്തിയായ ചിന്നുവും ഓടിയടുത്തു ചെന്നു. ഏട്ടൻ ഞങ്ങളെ കെട്ടിപിടിച്ചു എന്നിട്ടു പറഞ്ഞു "ആ നിങ്ങൾ എത്തിയത് എപ്പോഴാണ് , എന്റെ ചിന്നുവുംകണ്ണനും". ഇത്രമാത്രം പറഞ്ഞിട്ട് ഏട്ടൻ മുറിയിൽ പോയി വാതലടച്ചു .ഇതു കണ്ട് മുത്തശ്ശി ചോദിച്ചു "എടാ വിഷ്ണുവേ.... നിനക്ക് ഈ കുട്ടികളുടെയടുത്തു ചെന്ന് ഒന്നു ചൊവ്വെ നേരെ സംസാരിക്കാൻ മേലെ , അവർക്ക് എന്തെങ്കിലുംമേടിച്ചു കൊടുക്കാൻ പാടില്ലേ!... സ്നേഹത്തോടെ ചേച്ചി പറഞ്ഞു ."സാരമില്ല കഴിക്കു!..".

ഭക്ഷണം കഴിച്ചതിനുശേഷം നല്ലൊരു ഉറക്കം .ഞാൻ ഉറക്കമെഴുന്നെറ്റു ....പെട്ടെന്ന് ഞാനൊന്നു ഞെട്ടി. വിഷ്ണുവേട്ടൻ എന്റെ മുൻപിൽ. ഏട്ടൻ എന്നോടു പറഞ്ഞു "കണ്ണാ.... നീ എന്നോടു ക്ഷമിക്കണം എന്റെ മാനസികാവസ്ഥ തീരെ മോശമാണ്". ഞാൻ ചോദിച്ചു "എന്തുപറ്റി ഏട്ടനു്. എന്റെ പരീക്ഷ കഴിഞ്ഞു. പക്ഷെ എനിക്കൊരു പേടി തോൽക്കുമോ എന്ന് "."ആ സാരമില്ല പോട്ടെ നമുക്കൊരു യാത്ര പോയാലോ ", ഞാൻ പറഞ്ഞു." അതിനെന്താ ", ഏട്ടൻ ചോദിച്ചു. എന്നെ ബൈക്കിൽ കേറ്റി ഏട്ടൻ അങ്ങനെയൊരു ചെറിയ യാത്ര പോയി. ഞങ്ങൾ ബീച്ചിലെത്തി കുറെനേരം കളിച്ചു. ഏട്ടൻ എനിക്കു ഐസ് ക്രീം വാങ്ങിത്തന്നു . വരണ്ട തൊണ്ടയിൽ ഐസ് ക്രീം വീണു. ഒരു മഞ്ഞുകാലം എന്റെ മനസ്സിൽ ഹാവൂ ഒരു എന്തൊരു ആശ്വാസം മനസ്സിലെ ചെറിയൊരു കനൽ കെട്ടുപോയി തരിതരിയായ മണൽ കൊണ്ടു ഞാൻ വീടുകൾ ഉണ്ടാക്കി . ഏട്ടൻ ഇതെല്ലാം ഫോണിൽ പകർത്തി .എന്റെ ജീവിതത്തിലെ ത്തന്നെ ഏറ്റവും സന്തോഷകരമായ നിമിഷമാണ് ഇപ്പോൾ കടന്നു പോയത്. സൂര്യൻ മെല്ലെ കായലിൽ താഴുന്നു, പക്ഷികൾ തങ്ങളുടെ കൂട്ടിലേക്ക് പോകുന്നു.

വളരെ മനോഹരമായ സന്ധ്യയുടെ സൗന്ദര്യം ഞാൻ ആസ്വദിച്ചു പിന്നെ ഏട്ടനുമൊത്ത് വീട്ടിലേക്ക്. നല്ലൊരു ദിവസം.

# കുട്ടികളുടെ കർത്തവ്യങ്ങൾ

കുട്ടികൾക്കായി ഭരണഘടന ഉറപ്പ് വരുത്തിയിട്ടുള്ള ധാരാളം അവകാശങ്ങളും അതുപോലെ തന്നെ സമൂഹത്തിനായി നാം കുട്ടികൾ നിറവേറ്റേണ്ടതായിട്ടുള്ള ചില കർത്തവ്യങ്ങളുമുണ്ട്. എല്ലാ കുട്ടികൾക്കും സൗജന്യവും നിർബന്ധിതവുമായി വിദ്യാഭ്യാസം ലഭിക്കുന്നുണ്ട്. ഇത്തരം അവസരങ്ങൾ ഉപയോഗിക്കുകയും നമ്മുടെ സ്കൂളും പരിസരവും വൃത്തിയായി സൂക്ഷിക്കുകയും ചെയ്യേണ്ടത് വിദ്യാർഥികൾ എന്ന നിലയിൽ നമ്മുടെ ഓരോരുത്തരുടെയും കടമകളാണ്. അതുപോലെ തന്നെ നാം പഠിക്കുന്ന വിദ്യാലയത്തിന്റെ നിയമാവലികൾ പാലിക്കുകയും ചെയ്യേണ്ടതാണ്.

സമൂഹത്തിൽ മാത്രമല്ല ഒരു കുട്ടിയുടെ അവകാശങ്ങളും കർത്തവ്യങ്ങളും നിറവേറേണ്ടത്. മറിച്ച് സ്വന്തം  വീടുകളിലും ഇതെല്ലാം ലഭ്യമാവണം.വീടുകളിലും കുട്ടികൾ പാലിക്കേണ്ട ചില കടമകളുണ്ട്. നമ്മളെ വളർത്തി വലുതാക്കിയ അച്ഛനെയും അമ്മയെയും ശുശ്രൂഷിക്കേണ്ടതും അവർ പറയുന്നത് അനുസരിക്കേണ്ടതും നമ്മുടെ കർത്തവ്യങ്ങളാണ്. അവകാശങ്ങൾ സംരക്ഷിക്കേണ്ടത് സമൂഹത്തിന്റെയും തന്റെ കർത്തവ്യങ്ങൾ പാലിക്കേണ്ടത്  കുട്ടികളുടെയും കടമയാണ്. ഇത്  വരുംതലമുറയും പാലിക്കേണ്ടതാണ്.

–Shilpa A R

# എന്റെ മാന്ത്രിക സ്വപ്നം

ഉറക്കത്തിൽ നിന്നും ഉണർന്നു ഞാൻ
ചുറ്റിനും നോക്കി
മലിനമാം ലോകത്തെ ഉറ്റുനോക്കി
സ്വപ്നത്തിൽ ഞാൻ കണ്ട ലോകമല്ലിത്

പച്ചപ്പുനിറഞ്ഞൊരു മാന്ത്രിക ലോകമായിരുന്നത്
പാതിവിടർന്നു സൂര്യനെ നോക്കിപുഞ്ചിരിച്ചു
നിൽക്കുന്ന പൂവുകളും.....
പൂവിനെ ചുറ്റിപ്പറ്റി പാറിനടക്കുന്ന ശലഭങ്ങളും
കുളിരേകുന്ന കാട്ടരുവികളും......
ഫലങ്ങളാൽ നിറഞ്ഞു നിൽക്കുന്ന വൃക്ഷങ്ങളും


ഇളം പുലിനെ തഴുകിയുണർത്തുന്ന ഇളം കാറ്റും.....
എല്ലാമൊരു മായകാഴ്ചയായിരുന്നു
ഉറക്കത്തിൽ നിന്നും ഉണർന്നു ഞാൻ
ചുറ്റിനും നോക്കി
മലിനമാം ലോകത്തെ ഉറ്റുനോക്കി
മലിനമാം ലോകത്തെ ഉറ്റുനോക്കി

മലിനമായ പുഴകളും, മാലിന്യം നിറഞ്ഞ വഴിയോരങ്ങളും
മനുഷ്യന്റെ ക്രൂരത ഏറ്റുവാങ്ങേണ്ടിവരുന്ന മരങ്ങളും.
കൊടും ചൂടിനാൽ കരിഞ്ഞുപോയ പൂകളും
മനുഷ്യന്റെ ക്രൂരതയേറ്റു വാങ്ങേണ്ടി വന്ന ഭൂമി
നിന്നോട് ചെയ്ത ക്രൂരതയ്ക്ക് ഒരു തലമുറയുടെ മുഴുവൻ മാപ്പ് !

–Sumanya Sunoj

# Mohandas Karamchand Gandhi

Mohandas Karamchand Gandhi was born on 2nd October 1869 at Porbandar in Gujarat. He was known as Mahatma Gandhi and Father of Indian Nation. His weapons were Non-Violence, truth and peace. He left the world on 30th January1948.(short dead)



# എന്റെ ജാനകി

എന്റെ ഓർമ്മയീലെ നീന്നെ ഞാൻ
ഓർക്കുന്നു എന്നിലെ വിഷമത്തെ കാണുവാൻ
നിന്റെ പുല്ലാകുഴൽ വിളി മാത്രം
നിന്റെ പദാങ്ങൾ പിൻ തുടരുന്നു ഞാൻ

ഇന്നും നിന്നിലെ ആ വാക്കുകൾ
ഓർക്കുന്നു ജാനകി
എന്നിലെ കവിയെ നീ
കണ്ടാത് ഞാൻ ഇന്നും ഓർത്തീടുന്നു

ജാനകി നീന്റെ ആ.... പേടമാൻ
കണ്ണുകളും ഓർത്തീടുന്നു ഞാൻ മേലെ.....

# കുട്ടികളുടെ അവകാശങ്ങൾ

കുട്ടികൾക്ക് സമൂഹത്തിൽ വളരെ ഏറെ അവകാശങ്ങൾ ഉണ്ട്. കുട്ടികളുടെ അവകാശങ്ങൾക്ക് സമൂഹത്തിൽ നല്ല പ്രാധാന്യം ഉള്ളതാണ് എന്നാൽ പലപോഴും അതു നിഷേധിക്കുന്ന സാഹചര്യങ്ങൾ കുട്ടികളിൽ ഉണ്ടാകുന്നു.

ഇന്ത്യൻ ഭരണഘടന അനുസരിച്ച് ആറിനും പതിനാലിനും ഇടയ്ക്ക് പ്രായമുള്ള കുട്ടികൾക്ക് വിദ്യാഭ്യാസത്തിനുള്ള അവകാശമുണ്ട്. അതിനുശേഷവും പഠിക്കുവൻ അവകാശമുണ്ട്. എന്നാൽ ശൈവ വിവാഹം പോലെയുള്ള പ്രവർത്തികൾ കൊണ്ട് അവകശാമുണ്ടായിട്ടും അതു നിഷേധിക്കപ്പെടുന്നു.

കുട്ടികളുടെ അവകാശങ്ങളെപ്പറ്റിയും കർത്തവ്യങ്ങളെപ്പറ്റിയും സ്കൂൾ വിദ്യാഭ്യാസത്തിൽ പഠിപ്പിക്കേണ്ടതാണ്. അവയെ പറ്റി കുട്ടികളിൽ അവബോധം ഉണ്ടാക്കേണ്ടാതാണ്. എന്നാൽ കുട്ടികൾ അവകാശങ്ങളെയും കർത്തവ്യങ്ങളെപ്പറ്റിയും പറയുകയാണെങ്കിൽ കുട്ടികൾക്ക് സമൂഹത്തിൽ നിന്ന് അവഗണനയാണ് കിട്ടുന്നത്.

കുട്ടികൾ പുതിയ തലമുറയിൽ വളരെ ഏറെ കർത്തവ്യങ്ങൾ ഉണ്ട്.സ്വന്തം രാജ്യത്തെയും കുടുംബത്തെയും സംരക്ഷികേണ്ടത് വളർന്ന് വരുന്ന കുട്ടിയുടെ കർത്തവ്യമാണ്, എന്നാൽ വളർന്ന് വരുന്ന സമൂഹത്തിൽ കുട്ടികൾ കർത്തവ്യങ്ങളെയും കടമകളെയും മറന്നുപോകുന്ന സാഹചര്യമാണ്.

കുട്ടികളെ കരുക്കൾ ആക്കികൊണ്ട് സമൂഹത്തിൽ ധാരാളം മോശം പ്രവർത്തികളാണ് ചെയ്യുന്നത് ഈ കാരണങ്ങൾ കുട്ടികളുടെ വിദ്യാഭ്യാസത്തിലും മുമ്പോട്ട് ഉള്ള ജിവിതത്തിലും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. കുട്ടികൾ മോശപ്പെട്ട പ്രവർത്തികളിൽഏർപ്പെടുമ്പോൾ വിദ്യാഭ്യാസത്തിൽ വിദ്യാലയങ്ങളിലും നിന്നും തടസം ഉണ്ടാകുന്നു.

കുട്ടികൾക്ക് അവരുടെ കടമകളെയും അവകാശങ്ങളും പ്രവർത്തിക്കാനും എല്ലാത്തിനുമുള്ള സ്വാതന്ത്ര്യം സമൂഹത്തിൽ നിന്ന് നൽകേണ്ടത് സമൂഹത്തിന്റെ ഉത്തതവാദിത്വമാണ്. കുട്ടികൾക്ക് അതിനുള്ള സ്വാതന്ത്ര്യം കൊടുക്കുമ്പോൾ കുട്ടികൾ അവരുടെ കടമകൾ നിർവഹിക്കുന്നതാണ് അതുപോലെ കടമകളും അവകാശങ്ങളും നിർവഹിക്കേണ്ടത് കുട്ടിക്കളുടെ ഉത്തരവാദിത്വമാണ്.

ശ്രേയ

# സപ്തസ്വരങ്ങൾ


മധുപോഴിക്കുന്നൊരു വീണയിൽ
ഞാനിന്നു തുമ്പപ്പൂ കൈ അമർത്തീ....
ഞാൻ സംഗീത സ്വരമുയർത്തി
ഞാൻ സംഗീത സ്വരമുയർത്തി
ആകാശകോണിൽ കണ്ണും നട്ടു
സംഗീത സ്വരമുയർത്തീ...

എൻ വീണ തൻ കമ്പികൾ പാടുന്നഗീതം
ഓർക്കുന്നുവോ നീ ഓർക്കുന്നുവോ
നിൻ മിഴികളിലെ ഓമന വാക്കുകൾ
ഓതിയതോർക്കുന്നുവോ

കണ്ണിലെ തിളക്കവും
നാവിലെ സ്വരങ്ങളും പാട്ടുകളും
ഒപ്പം നൃത്തമാടുന്നതും ഓർക്കുന്നുവോ
നീ നീ ഓർക്കുന്നുവോ......

# വൃത്തവും ത്രികോണവും

ജ്യാമിതിയുടെ ആചാര്യനായി കരുതപ്പെടുന്നയാളാണ് ബി.സി മൂന്നാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന യൂക്ലിഡ്. ഇദ്ദേഹം എഴുതിയ എലിമെന്റ്സ് ആണ് ജ്യാമിതിയുടെ ആദ്യത്തെ പ്രമാണികഗ്രന്ഥം . ഈ പുസ്തകത്തിലെ ആദ്യത്തെ നിർമ്മിതിയാണ് വശങ്ങൾക്ക് നിശ്ചിത നീളമുള്ള സമഭുജത്രികോണം. യൂക്ലിഡ് നിർമ്മിച്ച സമഭുജത്രികോണം ഇതാണ്.



# ഓർമ്മകൾ

ജോണിമോൻ സ്ക്കുൾ വിട്ടു വരുകയാണ് . പരീക്ഷ കഴിഞ്ഞു അവധി ആയി. അവൻ തുള്ളിച്ചാടി വീട്ടിലെത്തി.

"അമ്മെ ... കഴിക്കാൻ എടുത്തുവെക്ക് ",അവൻ പറഞ്ഞു. അമ്മ നല്ല മധുരമുള്ള രുചികരമായ ചക്ക ചുളകൾ എടുത്തു വെച്ചു . "അമ്മെ.. ചക്ക എവിടെന്ന് ആണ് “,അവൻ ചോദിച്ചു. ജോണിമോൻെ വായിൽ നിന്നു വെള്ളം ഒഴുകി തുടങ്ങി."മോനെ ഇതു തെക്കെലെ വരിക്കപ്ലാവിൽ നിന്നാ”,അമ്മ പറഞ്ഞു.

അവൻ അതു കഴിച്ചു കഴിഞ്ഞപ്പോൾ പടിക്കൽ നിന്നൊരു വിളി, "ജോണിമോനെ ...” . ജോണിമോൻ ഓടി പടിക്കൽ എത്തി ."എങ്ങോടാ......, ഞാനും വരട്ടെ", അവൻ ചോദിച്ചു. " ഓ,... വാടാ", അവർ പറഞ്ഞു.

അവധി ആസ്വദിച്ചു തുടങ്ങി. പന്തുകളിച്ചു കളിച്ചു സന്ധ്യ ആയി .വെന്തുകുഴഞ്ഞാണ് അവൻ വീടിലെത്തിയത്. സന്ധ്യക്കും രാത്രിയും ചക്കവിഭവം .

പിറ്റെന്നു രാവിലെ കൊട്ടും ബാന്റും മേളവും . അവൻ ചാടി ഉണർന്നു. അതാ അങ്ങു രണ്ടുപാടം കഴിഞ്ഞുള്ള പള്ളിയിൽ പെരുന്നാൾ ! ആഹാ... ഇനി പള്ളി പറമ്പിലാണ് മുഴുവൻനേരവും.

പള്ളിയിൽ പോയി പ്രാർഥിച്ചു മേഴുക് തിരിയും കത്തിച്ചു അവൻ കൂട്ടുകാരുമായി ചുറ്റാൻ തുടങ്ങി. അതു കഴിഞ്ഞു സന്ധ്യക്കു പ്രദർശനം തുടങ്ങി .അവൻ വീട്ടുകാരോടൊപ്പം കാണാൻ എത്തി .
അതുകഴിഞ്ഞു നല്ല കപ്പയും ബീഫും കഴിച്ചു. അതുകഴിഞ്ഞു അവൻ വീട്ടിൽ പോയി .

സുഖമായി ഉറങ്ങി .പിന്നെ അവരുടെ ഒപ്പം ഓടാനും ചാടാനും കളിക്കാനും ഒക്കെ കിഴക്കത്തറ വീടിലെ ജോസഫ് ചേട്ടന്റെ വീടിൽ നല്ല വലിയ മാവ് ഉണ്ട്.അതിൽ നല്ല മാമ്പഴം ഉണ്ട്.അതുപറിക്കനായി മതിലുചാടി അവിടെത്തെ നല്ല ഉശിരുള്ള പട്ടി ഞങ്ങളെ ഓടിച്ചിട്ടു . അവൻ ഒരു കണക്കിനു രക്ഷപെട്ടു.

അവധി അസാനിക്കുന്നു .പെരുനാളിന്റെ അവസാനദിവസം ഞങ്ങൾ ഒത്തുകൂടി .അതും കഴിഞ്ഞു ബന്ധുകൾ തിരിച്ചുപോയി. ആകെ മൂകത. പിന്നെ സ്ക്കൂൾ തുറന്നു . പിന്നെ [illegible]ങ്ങളുമായി ജോണിമോന്റെ മൽപിടുത്തം . അവൻ പിന്നെ സ്ക്കുളിൽ പോയി തുടങ്ങി.

ശ്രീഹരി സുധീഷ്

# ആർക്കിമിഡിസ്

പ്രാചീനകാലത്തെ ഏറ്റവും മഹാനായ ശാസ്ത്രജ്ഞനും ലോകത്തിലെ എക്കാലത്തിലെയും മികച്ച ഗണിതശാസ്ത്രജ്ഞന്മാരിൽ ഒരാളുമാണ് ആർക്കിമിഡിസ്. അദ്ദേഹത്തിന്റെ കാലത്തെ മറ്റ് ഗ്രീക്ക് ശാസ്ത്രജ്ഞരിൽ നിന്ന് വ്യത്യസ്തമായി സൈദ്ധാന്തിക ചിന്തകൾക്ക് പുറമെ സാങ്കേതിക ർമ്മാണങ്ങളും ആർക്കിമിഡിസ് നടത്തിയിരുന്നു. തന്റെ ജന്മദേശമായ സിറാക്കുസിനെ റോമക്കാർ ആക്രമിച്ചപ്പോൾ ഉത്തോലകത്തം ഉപയോഗിച്ചുണ്ടാക്കിയ യന്ത്രങ്ങൾ കൊണ്ട് കപ്പലുകളെപ്പോലും മറിച്ചിട്ടതായി അന്നത്തെ ചരിത്രകാന്മാർ എഴുതിയിട്ടുണ്ട് . താഴ്ന്ന നിരപ്പലുള്ള വെള്ളം ഉയർത്തി മുകളിലെ വയലുകളിൽ ജലസേചനം നടത്താൽ ആർക്കിമിഡിസ് കണ്ടുപിടിച്ച യന്ത്രമാണ് ആർക്കിമിഡിസ് സ്ക്രൂ ഇത്തരം യന്ത്രങ്ങൾ ഇന്നും വ്യവസായശാലകളിലെ വൻയന്ത്രങ്ങളിലും ഹൃദയശസ്ത്രക്രിയയിൽ രക്തചംക്രമണം സാധമാക്കുന്ന ചെറുയന്ത്രങ്ങളിലും ഉപയോഗിക്കുന്നുണ്ട്.

# ഗണിത ക്വിസ്

1. $2^{20}$ ന്റെ പകുതി എത്രയിരിക്കും?

 $2^{19}$

2.ഒരു വൃത്തത്തിന്റെ വിസ്തീർണം   ആണെങ്കിൽ വൃത്തത്തിന്റെ വ്യാസം എന്തായിരിക്കും?

 2

3.ഒരു നാനോ സെക്കന്റ് എത്ര സെക്കന്റ്   ആയിരിക്കും?

 $10^{-9}$

4.ഒരു അഞ്ചക്ക സംഖ്യയു ഏറ്റവും വലത്ത് 1 ചേർത്താൽ സംഖ്യ ഏറ്റവും ഇടത്ത് 1ചേർത്താൽ ഉണ്ടാകുന്ന സംഖ്യയുടെ 3 മടങ്ങരിക്കും.എന്നാൽ ആ അഞ്ചക്ക സംഖ്യ ഏത്?

 42857

5.ഒന്നു മുതൽ ഒൻപതു വരെയുള്ള എല്ലാ അക്കങ്ങളും ഒരു പ്രാവശ്യം മാത്രം ഉപയോഗിച്ച് എങ്ങനെ 1/3 നെ തുല്യമായ ഒരു  സംഖ്യ രേഖപ്പെടുത്താം?

 5832/17496

6.101−102=1 എന്നത് ശരിയല്ല എന്നു നമുക്കറിയാം. ഒരക്കത്തിന്റെ മാത്രം സ്ഥാനം മാറ്റി ഇത് എങ്ങനെ ശരിയാക്കാം?

 $101-10^2=1$

7.ആറിനും ഒൻപതിനും ഇടയിൽ ഏത് ചിഹ്നം സംഖ്യ  ആറിനും      ഒൻപതിനും ഇടയിലാക്കാം?

 ദശാംശബിന്ദു

– Vaiga.k.s

# വെള്ളപ്പൊക്കം

എന്റെ മനസ്സിലെ ഓർമ്മകൾ എന്നത് 2018ലെ വെള്ളപ്പൊക്കമാണ്. ആ ഒരു വെള്ളപ്പൊക്കത്തിന്റെ ഇടയിൽ ഞാനും എന്റെ കുറച്ച് കൂട്ടുകാരും കുറച്ചു വള്ളം ഒഴുക്കി കളിച്ചു, പിന്നെ ഞങ്ങൾ ചൂണ്ടയിട്ടു, ഒരു സിലോപി കിട്ടി അതിന് ശേഷം ഞങ്ങളൊരു ചങ്ങാടം ഉണ്ടാക്കി അതിൽ ഞങ്ങൾ യാത്ര ചെയ്തു. ഞങ്ങൾ പിന്നെ ഒരു വലിയ മരം കണ്ടു ഞങ്ങൾ അതിന്റ എറ്റവും അറ്റത്ത് കയറിയിരുന്നു എന്നിട്ട് കുറെ മാങ്ങാ കഴിച്ചു ഈ ഓർമ്മകൾ എന്റെ മനസ്സ് നിറയ്ക്കുന്നു.



# ഒരു മഴയനുഭവം

ഞാൻ മഴയുമായി ഒരുപാട് അടുത്തിടപഴകിയിട്ടുണ്ട്. പക്ഷെ വലിയ അനുഭവം ഒന്നും ഉണ്ടായിട്ടില്ല.എങ്കിലും ഞാൻ ഒരു ദിവസം സ്കൂളിൽ പോകാൻ നേരത്ത് ഉണ്ടായ അനുഭവം ആണ് ഇത്.ഞാൻ രാവിലെ എണീറ്റപ്പോൾ ചെറിയ ചാറ്റൽമഴ മാത്രമായിരുന്നു ഉണ്ടായിരുന്നത്.അതുകൊണ്ട് തന്നെ ഞാൻ സ്കൂളിൽ പോകാനായി ഒരുങ്ങി.അപ്പോൾ എന്റെ മനസ്സിൽ ഒറ്റയൊരു ലക്ഷ്യം മാത്രമേ ഉണ്ടായിരുന്നുള്ളൂ.സ്കൂളിൽ എങ്ങനെയെങ്കിലും പോകാതിരിക്കണം.

എനിക്ക് പ്രതീക്ഷ ഉള്ളത് മഴയിലായിരുന്നു.പക്ഷെ മഴയെന്നെ ചതിച്ചു. മഴ നിന്നു. അങ്ങനെ ഞാൻ സ്കൂളിൽ പോയി.അപ്പോൾ മഴ തുടങ്ങി. ഞാൻ മഴയെ കുറെ പറഞ്ഞു. പക്ഷെ കുഴപ്പമില്ല. ഉച്ചയായപ്പൊഴേ സ്കൂൾ വിട്ടു. എന്റെ കൈയിൽ കുട ഉണ്ടായിരുന്നില്ല. കാരണം നാളെ പനി വന്നാൽ സ്കൂളിൽ വരണ്ടല്ലോ.അങ്ങനെ കൂട്ടുകാരുമായി ഒക്കെ കുറെ നേരം ഓടിക്കളിച്ചു. ഉടുപ്പിൽ മുഴുവനും ചെളിയായി. അങ്ങനെ വീട്ടിൽ ചെന്നപ്പോൾ ഒരുപാടു വൈകി. അമ്മ വഴക്കിട്ടു.

# അച്ചുവിന്റെ കുട്ടിക്കാലം

സ്ക്കൂൾ  അവസാനം അച്ചുവും കൂട്ടരും വലിയ സന്തോഷത്തിലാണ് . എന്താണ് കാരണം എന്നറിയാൻ കിട്ടു അവരോട്ച്ചോദിച്ചു. നാളെ സ്കൂൾ  അടയ്ക്കുകയല്ലെ അതിൻെ സന്തോഷന്തിലാണ് അവർ വീട്ടിൽ ഇരുന്നാൽ മതിയല്ലെ....

സ്കൂൾ  വിട്ട് അവർ വീട്ടിലേക്ക് മടങ്ങി. അച്ചു അവളുടെ ബാഗിലുള്ള ബുക്കും സാധനങ്ങളും പെട്ടിയിൽ വെച്ച് പൂട്ട് എന്നിട്ട് അവൾ അടുക്കളയിലേക്ക്  ഓടി എന്നിട്ട് അമ്മയോട് പറഞ്ഞു അമ്മേ.... നാളെ സ്ക്കൂൾ ഇല്ലല്ലോ. അതുകൊണ്ട് നമ്മുക്ക് അച്ഛനെയും കൂട്ടി ഒന്നു കറങ്ങാൻ പോയാലോ . അവളുടെ മുഖത്തേക്ക് സന്തോഷത്തോടെ നോക്കി. അവളുടെ ആ ചിരിച്ച മുഖം കണ്ട് അമ്മ പറഞ്ഞു ."ഉം ... ശരി നമുക്ക് പോകാം", അവൾ സന്തോഷത്താൽ തുള്ളി ചാടി. അവൾ അവളുടെ മുറിയിലേക്ക് ഓടി.

നാലാമത്തെ ആ ദിവസത്തിനായി അവൾ ഉറക്കമുണർന്ന് ആലോചനയിലായി .പ്രഭാതം അവളെ പെട്ടെന്ന് തന്നെ തട്ടി ഉണർത്തി. അവൾ മുറ്റത്തെക്ക് ഇറങ്ങി അവളുടെ പൂന്തോട്ടത്തിന് ചുറ്റും സന്തോഷത്തോടെ  തുള്ളി ചാടി നടന്നു .നല്ല ഭംഗിയുള്ള ശലഭങ്ങളെ കണ്ട് നടന്നു .അപ്പോളാണ് അമ്മയുടെ വിളി കേട്ടത് അച്ചു.... നീ പോയി കുളിക്ക് .നമുക്ക് പോകണ്ടേ ... എന്ന് അമ്മ അടുക്കളയിൽ വിളിക്കുന്നത് കേട്ടു. അച്ചു ഒരുപാട് സന്തോവും അങ്ങോട്ട് ഓടിച്ചെന്നു വെപ്രാളത്താൽ അവൾ മുറിയിൻ ചെന്നു.ഇന്നത്തെ ദിവസം അവൾ തൻെ അച്ഛന്റെയും അമ്മയുടെ കൂടെ പുറത്ത് കറങ്ങാൻ പോകാനുള്ള തയ്യാറെടുപ്പുകൾ നടത്തി .

പുറത്തേക്ക് ഉടുപ്പമിട്ട് ഒരുങ്ങി അവൾ അവരുടെ അടുത്തേക്ക് ഓടിച്ചെന്നു.അവർ ഇറങ്ങുവാൻ പുറപ്പെട്ടു.ഒരു വണ്ടി വിളിക്കാമെന്ന് അച്ഛൻ പറഞ്ഞപ്പോൾ അച്ചുവിന്റെ മനസ്സ് ഒന്ന് പതുങ്ങി. അവൾ അച്ഛനോട് പറഞ്ഞു .അവൾ തന്റെ അച്ഛൻെയും അമ്മയുടെയും കൂടെ അവൾ നടന്നു. അവളുടെ സന്തോഷം ഇരട്ടിച്ചു വലിയ സന്തോഷം അവളുടെ മനസ്സ് ശാന്തമാക്കി.

കുറച്ചു ദൂരം നടന്നപ്പോൾ തന്നെ അവൾ അച്ഛനോട് ചോദിച്ചു. "ഈ യാത്ര എങ്ങോട്ടാണച്ഛ........",അവൾ ചോദിച്ചു.അപ്പോൾ അച്ഛൻ അവളോടു പറഞ്ഞു. പച്ചപ്പുനിറഞ്ഞ കാടു നല്ല പരന്നു കിടക്കുന്ന തകിടിയും നിറയെ പൂക്കളും പൂന്തോട്ടവും പൂമ്പാറ്റകളും ഉള്ള ഒരു മനോഹരമായ സ്ഥലത്തേക്കാണ് നമ്മൾ പോകുന്നത് അങ്ങനെ ഉള്ള കാര്യങ്ങൾ കാണാനും അതൊക്കെ കണ്ട് വളരാനുമാണ് അവൾക്ക് ഇഷ്ടം എന്ന് അച്ഛനു അറിയാമായിരുന്നു. അതുകൊണ്ടാണ് അവളെ അങ്ങോട്ട് തന്നെ കൊണ്ടുപോകാൻ അച്ഛൻ തീരുമാനിച്ചത്. അവർ അവിടെ എത്തി .

ആ കാഴ്ച്ചകൾ അവളെ വിസ്മയിപ്പിച്ചു വൈകിട്ട് വീട്ടിൽ ചെന്ന് അവൾ കണ്ട കാര്യങ്ങൾ മാത്രം ആലോചിച്ചു കിടന്നു .ഈ അവധിക്കാലം ഇനിയും അങ്ങോട്ട് എനിക്ക് സന്തോഷമായി തീരും.

